# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4432

17-12-2014 ൽ മറുപടിയ്ക്ക്.

## ഏറനാട് മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-2014 വർഷത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) & (ബി) | **ജലസേചന വകുപ്പ്**<br>വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിൽ "ഊർങ്ങാട്ടിരി പഞ്ചായത്തിൽ കിണറപ്പ് ഷൗക്കക്കടവിൽ ചെറുപുഴയ്ക്കു കുറുകെ ചെക്ക് ഡാം നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് 25-04-2014 ലെ G.O (Rt) No. 416/2014/WRD എന്ന ഉത്തരവ് പ്രകാരം 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്<br>**കേരള വാട്ടർ അതോറിറ്റി** |
| (ബി) | അവയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | 2013-14 വർഷത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം 48 പ്രവൃത്തികൾക്ക് 75.70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 32 എണ്ണം നടപ്പാക്കുകയും 16 എണ്ണം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 47.2 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 15 പ്രവൃത്തികളിൽ 2 എണ്ണം ഉപേക്ഷിക്കുകയും, നടപ്പാക്കിയ 13 പ്രവൃത്തികൾക്ക് നാളിതുവരെ 17.84 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

**ഭൂജല വകുപ്പ്**

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് രണ്ട് മിനി കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവ രണ്ടും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥലം | പഞ്ചായത്ത് | നിയോജക മണ്ഡലം | സ്കീം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | വലിയാറ കുണ്ട് | കുഴിമണ്ണ | ഏറനാട് | മിനി കുടിവെള്ള പദ്ധതി | 3,26,769/- |
| 2. | ഉള്ളുപറമ്പ് 4 സെന്റ് കോളനി | ഊർങ്ങാട്ടിരി | ഏറനാട് | മിനി കുടിവെള്ള പദ്ധതി | 4,05,122/- |



സെക്ഷൻ ഓഫീസർ